LIBRARY ARCHIVES Kerala Legislative Assembly

## ബസ് ബേകൾ നിർമ്മിക്കാൻ പദ്ധതി

200 (650) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് സുരക്ഷിതത്വത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ബസ്ബേകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കൊല്ലം-കോവളം ദേശീയപാത അപകടരഹിതപാതയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) റോഡുകളിലെ അപകട സാധ്യതാ മേഖലകൾ അപകട വിമുക്തമാക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കാർ പാർക്കിംഗിനായി ബഹുനിലമന്ദിരങ്ങൾ പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ട്രാഫിക്ക് സുരക്ഷിതത്വത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ബസ് ബേകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ വസ്തുതകൾ ശേഖരിച്ചുവരുന്നു. ബസ് ബേകളുടെ നിർമ്മാണം റോഡ് സുരക്ഷാ ദശാബ്ദ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊല്ലം-കോവളം ദേശീയപാത അപകടരഹിത പാതയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് 226.847 ലക്ഷം രൂപയുടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ബസ് ബേകളുടെ നിർമ്മാണവും റോഡ് സുരക്ഷാ സൈൻ ബോർഡുകളും റോഡ് മാർക്കിംഗുകളും മറ്റിതര പണികളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ആവിഷ്കരിച്ചുവരുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

## മലപ്പുറം മണ്ഡലത്തിലെ മരാമത്തുപണികൾ

201 (651) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം മരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത് ; പ്രസ്തുത പണികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മണ്ഡലത്തിലെ തകർന്നടിഞ്ഞ റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ 2010-ൽ എം.എസ്.പി. ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണത്തിന് 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ഹൈവേ വിഭാഗം മലപ്പുറം മണ്ഡലത്തിൽ 40 അറ്റകുറ്റ പ്രവൃത്തികൾക്ക് ഭരണാനുമതി (145 ലക്ഷം രൂപ) നൽകി. അനുമതി കൊടുത്ത പദ്ധതികളിൽ 14 പ്രവൃത്തികളുടെ പണി പൂർത്തിയായി. കൂടാതെ ചെയിനേജ് 40/000 മുതൽ 54/000 വരെ 2.34 കോടി രൂപയുടെ മേജർ പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ചെയിനേജ് 44/000 മുതൽ 54/000 വരെയാണ് മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെടുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2009-മാന്ദ്യവിരുദ്ധ പദ്ധതിയിൽപ്പെട്ട കോട്ടക്കൽ ഠൗൺ ബൈപ്പാസ് റോഡ് ഒന്നാംഘട്ടവും രണ്ടാം ഘട്ടം കി.മി. 0/000 മുതൽ 3/040 വരെ നിർമ്മാണം (തുക-736 ലക്ഷം രൂപ) പുരോഗമിക്കുന്നു. ഈ പദ്ധതിയിൽ മുടിക്കോട് പാലം നിർമ്മാണത്തിന് (തുക- 630 ലക്ഷം രൂപ) ഭൂമി ലഭ്യമായിട്ടില്ല.

(ഡി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**മട്ടാഞ്ചേരി മണ്ഡലത്തിലെ മരാമത്ത് പണികൾ**

**202 (652)** ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും യുവജനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം മരാമത്തുപണികൾക്ക് ഭരണാനുമതി നൽകിയെന്നും അതിനായി എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly